"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശസ്വയംഭരണവകുപ്പ് - ഇടവ ഗ്രാമപഞ്ചായത്തിലെ കാപ്പിൽ ബീച്ചിൽ രണ്ട് ലൈഫ് ഗാർഡുകളെ ഒരു വർഷകാലയളവിൽ ദിവസവേതന നിരക്കിൽ താൽക്കാലികമായി നിയമിക്കുന്നത്- അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇപിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.2797/2022/LSGD തീയതി,തിരുവനന്തപുരം, 14-11-2022

---

പരാമർശം:- 1. 1.സ.ഉ(പി) നം. 29/2021/ധന തിയതി 11.02.2021

2. ഇടവ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 26.07.2021തിയതിയിലെ A2-2776/2021 നമ്പർ കത്ത് .

3. പഞ്ചായത്ത് ഡയറക്ടറുടെ 16.04.2022 തിയതിയിലെ PAN/13990/2021-E9(DP) നമ്പർ കത്ത്.

**ഉത്തരവ്**

ഇടവ ഗ്രാമപഞ്ചായത്തിലെ കാപ്പിൽ ബീച്ചിൽ രണ്ട് ലൈഫ് ഗാർഡുകളെ താൽക്കാലികമായി നിയമിക്കുന്നതിനും അവർക്ക് തനത് ഫണ്ടിൽ നിന്നോ പ്ലാൻ ഫണ്ടിൽ നിന്നോ വേതനം നൽകുന്നതിനും അനുമതി നൽകണമെന്ന് പരാമർശം (2) ലെ കത്ത് പ്രകാരം ഇടവ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സർക്കാരിനോട് അപേക്ഷിക്കുകയുണ്ടായി. പരാമർശം (3) ലെ കത്ത് പ്രകാരം പ്രസ്തുത അപേക്ഷയിൻമേൽ പഞ്ചായത്ത് ഡയറക്ടർ അനുകൂല റിപ്പോർട്ട് ലഭ്യമാക്കുകയുമുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഇടവ ഗ്രാമപഞ്ചായത്തിലെ കാപ്പിൽ ബീച്ചിൽ വിനോദ സഞ്ചാരികളുടെ സുരക്ഷയ്ക്കായി ലൈഫ് ഗാർഡുകളെ അടിയന്തിരമായി നിയമിക്കേണ്ടത് അത്യന്താപേക്ഷിതമാണെന്നുള്ളതിനാൽ, ഇടവ ഗ്രാമപഞ്ചായത്തിലെ കാപ്പിൽ ബീച്ചിൽ രണ്ട് ലൈഫ് ഗാർഡുകളെ ഒരു വർഷകാലയളവിൽ പരാമർശം (1) ലെ ഉത്തരവ് പ്രകാരമുള്ള ദിവസവേതന നിരക്കിൽ താൽക്കാലികമായി നിയമിക്കുന്നതിനുള്ള അനുമതി, ഇതിന് ആവശ്യമായ ഫണ്ട് ഗ്രാമ പഞ്ചായത്തിന്റെ തനതു ഫണ്ടിൽ നിന്നും കണ്ടെത്തണമെന്ന നിബന്ധനയിൽ, അനുവദിച്ച് ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഷൈജ സി ജി
ഡെപ്യൂട്ടിസെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം